## ഗവ: എച്ച് എസ്
## അച്ചൻകോവിൽ

# വർണ്ണങ്ങൾ

## ഉള്ളടക്കം


അണ്ണാനും മീനും

മുത്തശ്ശി മരം


ഒരു കല്ലിന്റെ കഥ

കുഞ്ഞി താറാവ്

തേനൂറും തേൻ മല

കിങ്ങിണി പൂച്ച


കാക്കമ്മ



# അണ്ണാനും മീനും

ഒരിടത്ത് ഒരു പുഴ ഉണ്ടായിരുന്നു ആ പുഴയുടെ അരികത്ത് വലിയ ഒരു വൃക്ഷം ഉണ്ടായിരുന്നു
അതിൽ കുറെയേറെ പക്ഷികളും ഒരു അണ്ണാനും താമസിച്ചിരുന്നു ആ പുഴയിൽ ഒരു മത്സ്യവും തവളയും ഉണ്ടായിരുന്നു അണ്ണാൻ എന്നും മീനിനെ കളിയാക്കുമായിരുന്നു ഒരു നാൾ മീനിന് സഹിക്കാൻ വയ്യാതെ അണ്ണാനോട് പറഞ്ഞു നിനക്ക് വെള്ളത്തിൽ നീന്തിക്കളിക്കാൻ കഴിയുമോ വെള്ളത്തിൽ ഊളിയിടാൻ കഴിയുമോ ഇത് കേട്ട് അണ്ണാൻ പറഞ്ഞു നിനക്ക് വെള്ളത്തിൽ നിന്നും കരയിൽ വരാൻ സാധിക്കുമോ മരത്തിൽ ചാടി കളിക്കാൻ കഴിയുമോ ഇത് കേട്ട് മീനിന് വല്ലാത്ത വിഷമമായി മീൻ വിചാരിച്ചു എനിക്ക് കരയിൽ കയറി കളിക്കാൻ സാധിക്കില്ലല്ലോ ഇതെല്ലാം കേട്ട് തവള പറഞ്ഞു മീനെ നീ വിഷമിക്കണ്ട നിന്നോട് കൂടെ കളിക്കാൻ ഞങ്ങളൊക്കെ ഇല്ലേ തവള അണ്ണാനോട് ചോദിച്ചു നിന്നോട് കൂടെ കളിക്കാൻ ആരുണ്ട് ഇത് കേട്ട് അണ്ണാൻ ഒന്നും മിണ്ടിയില്ല മീനിന് സന്തോഷമായി അണ്ണാൻ ഒന്നും മിണ്ടാതെ മരച്ചില്ലയിൽ ചാടി പോയി

വൈഗ പ്രദീപ്
ക്ലാസ് 6





# മുത്തശ്ശി മരം

പണ്ട് പണ്ട് ഒരിടത്ത് വലിയ ഒരു കാടുണ്ടായിരുന്നു. ആ കാടിന്റെ ഒത്ത നടുക്ക് വലിയ ഒരു മരം ഉണ്ടായിരുന്നു. ആ മരത്തിന്റെ പേരാണ് മുത്തശ്ശി മരം. ആ കാട്ടിലെ എല്ലാ പക്ഷി മൃഗാദികളും ആ മരവുമായി ബന്ധപ്പെട്ടായിരുന്നു താമസം. അതിരാവിലെ പക്ഷികളെല്ലാം തങ്ങളുടെ കുഞ്ഞുങ്ങൾക്ക് തീറ്റ തേടി പോകുമായിരുന്നു. അപ്പോൾ അവയുടെ കൂടുകളെയും കുഞ്ഞുങ്ങളെയും സംരക്ഷിക്കുന്നത് മുത്തശ്ശി മരമാണ്. മുത്തശി മരം ആ കാടിന്റെ വലിയ ഒരു സമ്പത്താണ്. എന്തെന്ന് വച്ചാൽ ആറ് വർഷത്തിന് മുൻപ് ആ കാട് വലിയ ഒരു ഗ്രാമമായിരുന്നു. ഗ്രാമ വാസികൾ എല്ലാവരും കൃഷിക്കാരായിരുന്നു. ആ ഗ്രാമത്തിൽ ഒരു പാവം കർഷകൻ ഉണ്ടായിരുന്നു. ആ കർഷകൻ ധാരാളം പയർ വർഗ്ഗങ്ങൾ കൃഷി ചെയ്തിരുന്നു. തന്റെ പാടത്ത് നിന്നും കുറെയേറെ സാധനങ്ങൾ എല്ലാവര്ക്കും വിതരണം ചെയ്യുമായിരുന്നു. ഇത് കണ്ട് വളർന്ന മകന് തനിക്കും അച്ഛനെപ്പോലെ കൃഷി ചെയ്യണം എന്ന തോന്നി. ഒരു ചെടി വളർത്തണം എന്ന് തോന്നി. അങ്ങനെ ഒരു ദിവസം മകൻ ഒരു മരത്തൈ നട്ട്, ഓരോ ദിവസവും അതിനെ പരിചരിച്ച് പൊന്നു. ഒരു ദിവസം പെട്ടെന്ന് കാട്ടിലുള്ള മൃഗങ്ങൾ എല്ലാം ഗ്രാമത്തിൽ എത്തി. ഗ്രാമത്തിലെ എല്ലാ കൃഷികളും മൃഗങ്ങൾ നശിപ്പിക്കാൻ തുടങ്ങി. ക്രമേണ ഗ്രാമ വാസികൾ എല്ലാം ഗ്രാമം വിട്ട് മറ്റ് സ്ഥലങ്ങളിലേക്ക് പോയി. അന്ന് മുതൽ ആ മരം അവിടെ ഉണ്ട്.

അനന്യ എ. അനിൽ

ക്ലാസ് 9



# ഒരു കല്ലിന്റെ കഥ

കുറെയേറെ വർഷങ്ങൾക്ക് മുൻപ് മണ്ണ് കൂനയായിരുന്നാണ് പാറകൾ ഉണ്ടായത്. പണ്ട് അഗസ്ത്യ മലയുടെ ഒരു ഭാഗം മുഴവനും ഉരുൾ പൊട്ടി ഒളിച്ച് പോയി. അതിനെ തുടർന്ന് പാറകൾ ഒലിച്ച് ഒലിച്ച് വെള്ളത്തിലൂടെ ഒഴുകി. പാറകൾ ഒഴുകി ഒഴുകി കല്ലുകളായി മാറി. അങ്ങനെ ഒഴുകി പോയപ്പോൾ കുറെ കാഴ്ചകൾ കല്ലുകൾ കണ്ടു. കല്ലുകൾ നദികളിലൂടെയും തൊടുകളിലൂടെയും ഒഴുകി. കല്ലുകൾ മണൽ തരികളായി മാറി. അതിന് ശേഷം കൊച്ചു കുട്ടികൾക്ക് കടൽ തീരത്ത് മാളിക പണിയാൻ മണലായി മാറിയ കല്ലുകൾ ഉപകാരപ്പെട്ടു.

**അനന്യ കൃഷ്ണൻ**

**ക്ലാസ് 5**



# കുഞ്ഞി താറാവ്

താറാവേ, താറാവെ കുഞ്ഞി താറാവെ,

മേട് തരാം, കൂട് തരാം,

കുളിക്കാനായി കുളങ്ങൾ തരാം

താറാവേ, താറാവെ കുഞ്ഞി താറാവെ,

കളിക്കാനായി കൂടെ വരാം

കുളിക്കാനായി കൂടെ വരാം.

കഴിക്കാനായി ചോറ് തരാം

താറാവേ, താറാവെ കുഞ്ഞി താറാവെ.

അനന്യ എ. അനിൽ

ക്ലാസ് 9

# തേന്തുറും തേൻമല

ഒരു വലിയ കാട്ടിനുള്ളിൽ രണ്ട് മനോഹരമായ മലകൾ ഉണ്ടായിരുന്നു. പക്ഷെ ആ രണ്ട് മലയിലും മൃഗങ്ങളും പക്ഷികളുമായി ശത്രു ബന്ധം തുടർന്ന് കൊണ്ടിരിക്കുന്ന സമയത്ത് മഴത്തുള്ളികൾ നനഞ്ഞ  പച്ച ഇലകളിൽ സൂര്യന്റെ ചുവന്ന വെളിച്ചം തെളിഞ്ഞു വരുന്ന പക്ഷികളുടെ കലപില ശബ്ദങ്ങൾ കേട്ട് കൊണ്ട് ഉണരുന്ന മനോഹരമായ മലനിരകളും മറ്റും ഈ കാട്ടിലെ വിശേഷപ്പെട്ട ഒരു കാര്യം രണ്ട് മലകളിലുമായി മൃഗങ്ങളും പക്ഷികളും രണ്ട് മലകളിലായി ആണ് ജീവിച്ച് വരുന്നത്. മാത്രമല്ല ഇവർ ഇരുവരും ശത്രുക്കളായി ജീവിച്ച് വരികയാണ്. പക്ഷികളുടെ മലയിലെ എല്ലാ കാര്യങ്ങളും നോക്കി വരുന്നത് അവിടെ ഉള്ള ഗരുഡമ്മാവൻ ആണ്. ഗരുഡമ്മാവന് അസുഖങ്ങൾ കുറെ ഏറെ ഉള്ള ഒരു വ്യക്തിയാണ്. നമ്മുടെ ഗരുഡമ്മാവൻ അങ്ങനെ എല്ലാ ദിവസവും കാലത്ത് തന്നെ എല്ലാ പക്ഷികളും അവരവരുടെ കുട്ടികളെ ഗരുഡമ്മാവനെ ഏൽപ്പിച്ചാണ് തീറ്റ തേടി പോവുന്നത്. ഗരുഡമ്മാവനാണ് എല്ലാ മക്കളെയും നോക്കുന്നത്. പക്ഷെ തീറ്റ തേടി പറന്ന് വീണ് നോക്കിയപ്പോൾ വീടിന് മുന്നിൽ പക്ഷി കുഞ്ഞുങ്ങൾ നിറഞ്ഞു പാറുന്നു.

മൈന ചോദിച്ചു എന്താ എന്താ പ്രശ്നം. എല്ലാവരും മൈന ചേട്ടന്റെ വീട്ടിന് മുൻപിലുള്ള മഞ്ചാടി പടപ്പ് ചൂണ്ടി കാണിച്ചു. മൈന ചേട്ടൻ നോക്കിയപ്പോൾ മഞ്ചാടിയുടെ ഇടയിലൂടെ രണ്ട് കണ്ണുകൾ തിളങ്ങുന്നു. മൈന ചേട്ടൻ മുകളിലൂടെ പാറിപ്പറന്നു ചെന്ന് നോക്കിയപ്പോൾ കണ്ടത് ഒരു പുലികുട്ടി അവശനായി കിടക്കുന്നതാണ്. അത് കണ്ടിട്ട് പറന്ന് ചെന്ന് ഗരുഡമ്മാവനോട് പറഞ്ഞു ഒരു പുലികുട്ടി വഴി തെറ്റി നമ്മുടെ മലയിൽ അവശനായി കിടക്കുന്നു. അങ്ങ് ഒരു തീരുമാനം പറയണം. മൈന ചേട്ടൻ അമ്മാവനെ പുലിയുടെ അടുത്ത് ചെന്ന് കാണിച്ചു. അതിന് ആഹാരവും വെള്ളവുമൊക്കെ കൊടുത്തു. അതിനെ അക്കര മലയുടെ വരമ്പത്ത് കൊണ്ട് ചെന്നാക്കാൻ ഗരുഡമ്മാവൻ പക്ഷികളോട് പറഞ്ഞു

. പക്ഷികൾക്ക് മൃഗങ്ങളെ പേടിയാണ്, ആരും പോവാൻ തയ്യാറായില്ല. മൂങ്ങ ചേട്ടനോട് പറഞ്ഞപ്പോൾ മൂങ്ങ ചേട്ടൻ പറഞ്ഞു, അയ്യോ അമ്മാവാ അക്കര മലയിലേക്ക് ഞാനില്ല, അവിടെയുള്ള മൃഗങ്ങൾ നരഭോജികളാണ്. നമ്മെ കണ്ടാൽ അവ കടിച്ച് ഭക്ഷിക്കുകയും ചെയ്യും. ഞാനില്ല അതിനാൽ എല്ലാവരോടും ചോദിച്ച് സമയം പാഴാക്കരുത്. മൈന ചേട്ടൻ പറഞ്ഞു, ഞാൻ കൊണ്ട് പോകാം, അങ്ങനെ മൈന ചേട്ടൻ പുലി കുട്ടിയേയും കൊണ്ട് യാത്ര തുടങ്ങി.

കിളികളുടെ കലപില ശബ്ദവും, തേൻ മലയിലെ വ്യത്യസ്ത തരാം വാസനകളും ഒക്കെ ആസ്വദിച്ച് കൊണ്ട് പോയത് കൊണ്ട് തേൻ മല കഴിഞ്ഞത് പോലും മൈന ചേട്ടൻ അറിഞ്ഞില്ല. മൈന ചേട്ടന് പെട്ടെന്ന് ഒരു ഭയം ഉള്ളിൽ നിറഞ്ഞു, കിളികളുടെ കലപില ശബ്ദം നിലച്ചിരിക്കുന്നു. മറിച്ച് സിംഹത്തിന്റെയും ക്രൂകി വിളിച്ച് ഭയപ്പെടുത്തുന്ന ചെന്നായയുടെയും മറ്റും ശബ്ദം ഉയർന്ന് വരികയാണ്. പെട്ടെന്ന് രണ്ടു പുലികൾ മൈന ചേട്ടന്റെ മുൻപിൽ ആഞ്ഞു ചാടി. മൈന ചേട്ടന്റെ മനസ് ഒന്ന് ചാഞ്ചാടി. പിന്നെ ചിന്തിച്ചു ഞാൻ മൃഗങ്ങളോട് ശണ്ഠ പിടിക്കാൻ അല്ല വന്നത്. പുലിക്കുഞ്ഞിനെ അതിന്റെ മാതാ പിതാക്കളെ ഏൽപ്പിക്കാൻ ആണ് വന്നത്. മനസ്സുറപ്പോടെ മൈന ചേട്ടൻ നിന്നു . കണ്ണ് മാറ്റി താഴേക്ക് നോക്കിയപ്പോൾ പുലികൾ പുലിക്കുഞ്ഞിനെ കണ്ടു. അവർക്ക് സന്തോഷമായി മനസ്സിൽ കുളിർമ ചൊരിഞ്ഞു. പുലികുട്ടിയോട് ചോദിച്ചു, നീ എവിടെ ആയിരുന്നു എന്റെ പൊന്നു മോളെ. പുലിക്കുഞ്ഞു വിശദമായി കാര്യങ്ങൾ പറഞ്ഞു കൊടുത്തു. ഈ മൈന ചേട്ടൻ ആണ് എന്നെ മലയിലേക്ക് കൊണ്ട് ആക്കിയതെന്നും പറഞ്ഞു.; അപ്പോൾ അച്ഛൻ പുലിക്കും 'അമ്മ പുലിക്കും മൈന ചേട്ടനോട് സ്നേഹം തോന്നി. ഒത്തിരി നന്ദി പറഞ്ഞു. അത് കേട്ട് മന സന്തോഷത്തോടെ പറന്ന് പറന്ന് തേൻ മലയിലേക്ക് പോയി. അവിടെ നടന്ന കാര്യങ്ങൾ എല്ലാവരോടും പറഞ്ഞു.

കുറച്ച് നാളുകൾക്ക് ശേഷം അക്കര മലയിൽ നിന്ന് ഒരു സന്ദേശം തേൻ മലയിലേക്ക് വന്നു. അക്കര മലയിലെ മൃഗങ്ങൾ എല്ലാം തേൻ മലയിലേക്ക് സഭ കൂടാൻ വരുന്നു എന്നായിരുന്നു ആ സന്ദേശം. ഇന്ന് തന്നെ വരും എന്നും അറിയിച്ചു. ഈ സന്ദേശം മൈന ചേട്ടൻ ഗരുഡമ്മാവനെ അറിയിച്ചു. ഗരുഡമ്മാവൻ സഭ കൂടാൻ എല്ലാവരെയും ക്ഷണിച്ചു. അങ്ങനെ മൃഗങ്ങളും പക്ഷികളും ഒന്നിച്ച് സഭ കൂടി. സഭയിൽ മൃഗങ്ങൾ പറഞ്ഞ കാര്യങ്ങൾ പക്ഷികൾക്ക് ഒരു സ്വർഗ്ഗലോകം സൃഷ്ടിച്ച് കൊടുത്തു. മൃഗങ്ങൾ പറഞ്ഞു, ഞങ്ങളുടെ മലയിൽ നിന്നും നിങ്ങളുടെ മലയിലേക്ക് വന്ന പുലിക്കുഞ്ഞിനെ ഒരു ശത്രുവിനെ എന്നത് പോലെ കാണാതെ സുരക്ഷിതമായി ഞങ്ങളുടെ മലയിൽ എത്തിച്ചു. അതിന് ഞങ്ങൾ നിങ്ങളോട് കടപ്പെട്ടിരിക്കുന്നു. ഇനി മുതൽ നമ്മൾ ശത്രുക്കളല്ല, മിത്രങ്ങളാണ്. സന്തോഷത്തോടെ എല്ലാവരും സഭ പിരിഞ്ഞു. ഒരു പുലിക്കുഞ്ഞു കാരണം ശത്രുക്കളായിരുന്ന മൃഗങ്ങളും പക്ഷികളും മിത്രങ്ങളായി തീർന്നു. രണ്ട് മലകളിലെയും മൃഗങ്ങളും പക്ഷികളും അന്ന് മുതൽ മിത്രങ്ങളായി ജീവിക്കാൻ തുടങ്ങി.

അഞ്ജന കെ.


ക്ലാസ് 9

# കിങ്ങിണി പൂച്ച

എന്റെ കിങ്ങിണി പൂച്ച
കണ്ണുകൾ രണ്ടും പച്ച
തളിര് പോലെ നാവ്
പനം കുല പോലെ വാല്
ചുറ്റിപ്പറ്റി നിൽക്കും
കണ്ടാൽ കുഴഞ്ഞു വീഴും
എന്റെ കിങ്ങിണി പൂച്ച


വൈഗ

ക്ലാസ് 5



**തേജസ്**

ക്ലാസ്സ് 9



# കാക്കമ്മ

അക്കാരമാവിലെ, അക്കാച്ചിക്കാവിലെ

കാക്കമ്മ പെൺ സാരിയുടുത്തു

പൊട്ടു തൊട്ടു, കണ്ണെഴുതി, ചായം പൂശി

സുന്ദരിയായ എന്റെ കാക്കമ്മ പെൺ

നാട്ടിലെ സുന്ദരിയായ കാക്കമ്മ പെണ്ണേ


കുയിലു പോലും മാറി നിൽക്കുന്ന

സുന്ദരിയായ കാക്ക പെൺ

ബുദ്ധിയുള്ള കാക്കപ്പെണ്ണേ

അക്ഷയ എ. എസ്.

ക്ലാസ് 5




**അഭിരാം**

ക്ലാസ്സ് 9